പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 2243

26.03.2013-ൽ മറുപടിക്ക്

**മുൻ സർക്കാരിൻെറ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ**

ചോദ്യം

ശ്രീ. റ്റി.വി.രാജേഷ്

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിൻെറ കാലത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഇവയിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു; ഇനിയും പ്രവർത്തനം ആരംഭിക്കാൻ ബാക്കിയായവ എത്ര; പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമെന്താണ്;

(എ) മുൻസർക്കാരിൻെറ കാലത്ത് സംസ്ഥാനത്തെ വ്യവസായവകുപ്പിൻെറ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ പുതിയതായി ആരംഭിച്ച യൂണിറ്റുകൾ താഴെ പറയുന്നവയാണ്.

| Sl. No. | Company | Projects |
|---|---|---|
| 1 | Kerala State Textile Corporation Ltd | Komalapuram Spinning and Weaving Mills, **Alappuzha** – KSTC |
| 2 | Kerala State Textile Corporation Ltd | Hi Tech Weaving Factory, **Kannur** – KSTC |
| 3 | Kerala State Textile Corporation Ltd | Uduma Textile Mill, **Kasargode** – KSTC |
| 4 | United Electrical Industries Ltd | LCD Meter Unit, **Palakkad** – UEI |
| 5 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, **Kozhikode** - Kerala SIDCO. |
| 6 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, **Kuttippuram** – KSEDC |
| 7 | Traco Cable Company Ltd | House Wiring cable Unit, **Kannur** – TRACO |
| 8 | Steel and Industrial Forgings ltd | Machining Unit, **Shornur** – SIFL |
| 9 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, **Kozhikode** – KSBC |

| | | |
|---|---|---|
| 10 | Kerala State Industrial Enterprises Ltd | Container Freight Station, **Ernakulam** – KSIE |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പ്രവർത്തനമാരംഭിച്ചവ താഴെ പറയുന്നവയാണ്.

| Sl. No. | Company | Projects |
|---|---|---|
| 1 | Kerala Small Industries Development Corporation Ltd | Tool room cum Training Centre, **Kozhikode** - Kerala SIDCO. |
| 2 | Kerala State Electronics Development Corporation Ltd | Tool room cum Training Centre, **Kuttippuram** – KSEDC |
| 3 | Traco Cable Company Ltd | House Wiring cable Unit, **Kannur** – TRACO |
| 4 | Steel and Industrial Forgings Ltd | Machining Unit, **Shornur** – SIFL |
| 5 | Kerala State Bamboo Corporation Ltd | Hi-Tech Bamboo Tile Factory, **Kozhikode** – KSBC |
| 6 | Kerala State Industrial Enterprises Ltd | Container Freight Station, **Ernakulam** – KSIE |

ഇനിയും പ്രവർത്തനം ആരംഭിക്കുവാനുള്ള 4 സ്ഥാപനങ്ങളും അതിലുള്ള തടസ്സങ്ങളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് നിയമനം നടത്തുന്നതിനായി പരീക്ഷ നടത്താൻ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയത്; എത്ര പേരുടെ ലിസ്റ്റാണ് ഓരോ പൊതുമേഖലാ സ്ഥാപനത്തിനും തയ്യാറാക്കിയത്; പ്രസ്തുത ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി; വിശദാംശം നൽകുമോ;

(ബി) റിയാബിന്റെ മേൽനോട്ടത്തിൽ എഴുത്തുപരീക്ഷ നടത്തുന്നതിനായി വ്യവസായവകുപ്പിന്റെ അധീനതയിലുള്ള Centre for Management Development എന്ന ഏജൻസിയുടെ സഹായം ലഭ്യമാക്കിയിരുന്നു. Unskilled workers-ന്റെ ഒഴികെ ബാക്കിയുള്ള എല്ലാ തസ്തികകളിലേയും എഴുത്തുപരീക്ഷയുടെ ഫലം തയ്യാറാക്കി നിയമനങ്ങൾക്കാവശ്യമായ ലിസ്റ്റ് തയ്യാറാക്കുവാൻ അതാത് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. തുടർനടപടികൾ കമ്പനിതലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) പുതുതായി പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

(സി) സ്വീകരിച്ചിട്ടില്ല.

Ajithab

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

<table>
<tr><th>Sl. No.</th><th>Company</th><th>Projects</th></tr>
<tr><td rowspan="2">1</td><td>Kerala State Textile Corporation Ltd</td><td>Komalapuram Spinning and Weaving Mills, Alappuzha – KSTC</td></tr>
<tr><td colspan="2">കേരള സ്പിന്നേഴ്സ് എന്ന പഴയ സ്ഥാപനത്തിൻെറ KSEB-യ്ക്ക് നൽകുവാനുള്ള കുടിശ്ശികകൾ അടച്ച് വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുന്നതിനായി Rs.45.34 ലക്ഷം രൂപ സർക്കാർ നൽകുകയും, വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കുകയും ചെയ്തു. കേരളാ സ്പിന്നേഴ്സിൽ നിന്നും സ്വയംവിരമിക്കൽ പദ്ധതിപ്രകാരം പിരിഞ്ഞു പോയ ജീവനക്കാരുടെ പുനർ നിയമനം സംബന്ധിച്ച് Act 4 of 2010, Chapter V, clause 13,14 & 15 കർശനമായി പാലിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സ്പിന്നേഴ്സിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ പുനർനിയമനം നടത്തുന്നതിനെ സംബന്ധിച്ച കേസ് ബഹു.കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ നിയമനനടപടികൾ പൂർത്തിയായിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം Kerala State Textile Corporation Ltd ൽ നിന്നും വേർപെടുത്തി അതേ പേരിൽ പുതിയ ഒരു കമ്പനിയായി രജിസ്റ്റർ ചെയ്യാൻ G.O.(Rt.) No.1448/12/ID dt.27/09/2012 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഇതിനായി ഒരു സ്പെഷ്യൽ ഓഫീസറേ പ്രത്യേകം നിയമിച്ചിട്ടുണ്ട്.</td></tr>
<tr><td rowspan="2">2</td><td>Kerala State Textile Corporation Ltd</td><td>Hi Tech Weaving Factory, Kannur –KSTC</td></tr>
<tr><td colspan="2">കെട്ടിടനിർമ്മാണ നിയമം നിഷ്ക്കർഷിക്കുന്ന ലാൻ്റ്-ബിൽഡിങ്ങ് ആനുപാതത്തിലെ വ്യതിയാനം മൂലം പഞ്ചായത്ത് ലൈസൻസ് ലഭിക്കുന്നതിലുള്ള കാലതാമസമാണ് പ്രവർത്തനം തുടങ്ങുവാൻ സാധിക്കാത്തത്. പഞ്ചായത്ത് ലൈസൻസ് ലഭ്യമാക്കി, നിയമന പ്രക്രിയ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതാണ്.</td></tr>
<tr><td rowspan="2">3</td><td>Kerala State Textile Corporation Ltd</td><td>Uduma Textile Mill, Kasargode – KSTC</td></tr>
<tr><td colspan="2">ഈ മില്ലിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിക്കുവാൻ തയ്യാറായിക്കഴിഞ്ഞു. നിയമനം പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുവാൻ സാധിക്കും.</td></tr>
<tr><td colspan="3">Uduma Textile Mill - Kasargode, Hi Tech Weaving Factory - Kannur എന്നീ യൂണിറ്റുകൾ Kerala State Textile Corporation Ltd-ൽ നിന്നും വേർപെടുത്തി Uduma Textile Mill, Kasargode എന്ന പേരിൽ പുതിയ ഒരു കമ്പനിയായി രജിസ്റ്റർ ചെയ്യാൻ G.O.(Rt.) No.1531/12/ID dt.11/10/2012 പ്രകാരം ഉത്തരവിറക്കിയിട്ടുണ്ട്. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെ പ്രത്യേകം നിയമിച്ചിട്ടുണ്ട്.</td></tr>
<tr><td rowspan="2">4</td><td>United Electrical Industries Ltd</td><td>LCD Meter Unit, Palakkad – UEI</td></tr>
<tr><td colspan="2">ഈ പദ്ധതിയ്ക്കായി കണ്ണാടി പഞ്ചായത്ത് ഒരേക്കർ സ്ഥലം ലീസ് വ്യവസ്ഥയിൽ നൽകിയെങ്കിലും ഭൂമി പദ്ധതിക്ക് അനുയോജ്യമല്ലാത്തതിനാൽ യൂണിറ്റിൻെറ ഉദ്ഘാടനം കമ്മ്യൂണിറ്റി ഹാളിലാണ് നടത്തിയത്. ഉൽപാദനം ഇതു വരെ ആരംഭിച്ചിട്ടില്ല. താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. അവിടെ നിലവിലുള്ള തൊഴിലാളികളെ ഉൾപ്പെടുത്തി ഒരു long term strategic plan നടപ്പിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആലോചിച്ച് വരുന്നു.</td></tr>
</table>

Ajith

സെക്ഷൻ ഓഫീസർ